വിനോദസഞ്ചാര വകുപ്പിലെ വാഹനങ്ങൾ

67. [1849] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ ആകെ എത്ര വാഹനങ്ങളുണ്ട് ; ഇതിൽ വിദേശ നിർമ്മിത വാഹനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിനോദ സഞ്ചാര വകുപ്പിൽ എത്ര ബോട്ടുകളും വള്ളങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 25 വാഹനങ്ങൾ. ഇതിൽ വിദേശ നിർമ്മിത വാഹനങ്ങൾ ഒന്നും ഇല്ല.

(ബി) ടൂറിസം വകുപ്പിൽ രണ്ട് ബോട്ടുകളും, കേരളാ ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ 32 മോട്ടോർ ബോട്ടുകളും, 6 ഹൗസ് ബോട്ടുകളും 33 മറ്റ് ബോട്ടുകളും (റോയിങ് ബോട്ടും പെഡൽ ബോട്ടും ഉൾപ്പെടെ) ഇപ്പോൾ ഉണ്ട്.

വ്യാവസായിക പരിശീലന കേന്ദ്രങ്ങൾക്കുള്ള ലോകബാങ്ക് സഹായം

68. [1850] ശ്രീ. എ. യൂനസ് കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും, ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുന്നതിനും ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1989-90-ൽ ആരംഭിച്ച ഈ പദ്ധതിയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ഐ. ടി. ഐ. കളിലെ 15 വർഷത്തിലധികം പഴക്കമുള്ള യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനും കുറവുള്ള വ നൽകാനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതി ആരംഭത്തിൽ 1508.92 ലക്ഷം രൂപയായിരുന്നു അടങ്കൽ തുക. ഇത് വർദ്ധി പ്പിച്ചേക്കാവുന്നതാണ്. യന്ത്രസാമഗ്രികളുടെ നവീകരണത്തിനായി 800 ലക്ഷം നീക്കി വച്ചിട്ടുണ്ട്. നടപ്പുവർഷം മൊത്തം ചെലവിനായി അനുവദിച്ച 374 ലക്ഷം രൂപയിൽ നാളിതുവരെ 135.318 ലക്ഷം രൂപ സംസ്ഥാനം മാത്രം ചെലവാക്കി. 6 വർഷമാണ് പദ്ധതിയുടെ കാലാവധി. പദ്ധതിയുടെ മുഴുവൻ ചെലവും പ്രാരംഭത്തിൽ സംസ്ഥാന സർക്കാർ വഹിക്കുകയും ചെലവിന്റെ 50% തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് തിരിച്ചു നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly